റ്റി ക്യൂ (1) 24437/16

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി - 16/06/16

# സർക്കുലർ

വിഷയം - രാസവളങ്ങളുടെയും കീട/കള/ കുമിൾ നാശിനികളുടെയും വിതരണ സംവിധാനവും ഗുണനിലവാരനിയന്ത്രണവും ശക്തിപ്പെടുത്തുന്നതു - സംബന്ധിച്ച്.

സൂചന - 15/06/2016 ലെ കൃഷിമന്ത്രിയുടെ അവലോകന യോഗത്തിലെ തീരുമാനം.

ബഹുമാനപ്പെട്ട കൃഷിവകുപ്പ മന്ത്രി, 15/06/2016 ന് വിളിച്ചു ചേർത്ത് പ്രത്യേക അവലോകന യോഗത്തിൽ, സംസ്ഥാനത്ത് രാസവളങ്ങളുടേയും രാസ കീട/കള കുമിൾനാശിനികളുടെയും വിതരണ സംവിധാനവും ഗുണനിലവാരനിയന്ത്രണവും ശക്തിപ്പെടുത്തുവാൻവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയുണ്ടായി.

രാസവളങ്ങളുടെയും, ജൈവ- ജീവാണു വളങ്ങളുടെയും അനധികൃതമോ, ക്രമവിരുദ്ധമോ ആയ വിതരണവും വില്പനയും തടയുവാൻ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം ഫെർട്ടിലൈസർ ഇൻസ്പെക്ടർ എന്ന നിലയിൽ, കൃഷി ഓഫീസർമാർ ശക്തമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയിടങ്ങളിൽ കീടനാശിനികളുടെ അനിയന്ത്രിതവും വിവേചനരഹിതവുമായ ഉപയോഗം തടയുന്നതിനും കൃഷി ഓഫീസർമാർ ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ജൈവകൃഷി ഗണ്യമായി വർദ്ധിച്ചിട്ടും കീടനാശിനികളുടെ ഉപയോഗം വർദ്ധിക്കുന്നത് ആശങ്ക ഉളവാക്കുന്നതാണ്. ഇതിനായ് നിലവിലെ പ്ലാൻറ് ഹെൽത്ത്/അഗ്രോ ക്ലിനിക്കുകളും പെസ്റ്റ് സർവ്വയിലൻസ് സംവിധാനവും ശക്തിപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കീടനാശിനികളുടെ അമിതമായ ഉപയോഗം കടുത്ത ആരോഗ്യപ്രശ്നങ്ങൾക്കും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഇടയാകുന്നുവെന്ന ആശങ്ക നിലനിൽക്കേ, കർഷകർ വിവേചനപൂർവ്വമായ് മാത്രമേ കീടനാശിനികൾ ഉപയോഗിക്കുന്നുള്ളുവെന്ന് കൃഷി ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്. കീട/കള/കുമിൾനാശിനി നിർമ്മാതാക്കളും വിതരണക്കാരും തങ്ങളുടെ വിപണന തന്ത്രങ്ങളിലൂടെ കർഷകരെ അമിതമായി സ്വാധിനീക്കുന്നതും കീടനാശിനി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണ്. കീടനാശിനി നിർമ്മാതാക്കളും വിതരണക്കാരും ചേർന്നുള്ള വിളപരീക്ഷണങ്ങളും ഡെമോൺസ്ട്രേഷനുകളും പൂർണ്ണമായി നിരോധിക്കേണ്ടതാണ്. കീടനാശിനി നിർമ്മാതാക്കളോ വിതരണക്കാരോ, നേരിട്ട് പാടശേഖരസമിതികൾക്കും കർഷക സംഘങ്ങൾക്കും കീടനാശിനികൾ വിതരണം ചെയ്യുന്നത് നിരോധിക്കേണ്ടതും, ഇതിനെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

നിയന്ത്രിത കീടനാശിനികളുടെ വിതരണവും ഉപയോഗവും ആവശ്യഘട്ടങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ കൃഷി ഓഫീസർമാരും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സംസ്ഥാനത്ത് നിരോധിക്കപ്പെട്ടിട്ടുള്ള കീടനാശിനികളുടെ വിതരണവും വില്പനയും തടയുവാൻ ജില്ലാതലത്തിൽ രൂപം കൊടുത്തിട്ടുള്ള വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

രണ്ടാഴ്ചയിലൊരിക്കൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ തങ്ങളുടെ പരിധിയിലുള്ള എല്ലാ ഡിപ്പോകളും സന്ദർശിച്ച് ക്രമവിരുദ്ധമോ, നിരോധിച്ചിട്ടുള്ളതോ ആയ കീട/കള/കുമിൾ നാശിനികളുടെ വില്പനയും, ഉപയോഗവും നടക്കുന്നില്ലെന്ന് ഉറപ്പ വരുത്തേണ്ടതാണ്. കീടനാശിനികളുടെ വരവും, വില്പനയും സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി പരിശോധിക്കുകയും അതു സംബന്ധിച്ച ദ്വൈവാരിക റിപ്പോർട്ട് എല്ലാ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരും പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും നല്കേണ്ടതാണ്. രാസകീടനാശിനി ഷോപ്പുകളിൽ സ്റ്റോക്ക്, വില തുടങ്ങിയ വിവരങ്ങൾ പരസ്യമായി പ്രദർശിപ്പിക്കേണ്ടതാണ്.

രാസവളങ്ങളുടെയും കീട/കള/കുമിൾ നാശിനികളുടെയും വിതരണസംവിധാനവും ഗുണനിലവാരനിയന്ത്രണവും ശക്തിപ്പെടുത്തുവാൻ, ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ് ആക്ട് 1968 എന്നീ ചട്ടങ്ങൾ പ്രകാരം ഫെർട്ടിലൈസർ ഇൻസ്പെക്ടർ/ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർ എന്ന നിലയിൽ കൃഷി ഓഫീസർമാർക്കുള്ള അധികാരങ്ങൾ പൂർണ്ണമായി വിനിയോഗിക്കേണ്ട താണ്. ഇതിനായി ജില്ലകളിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി) മാർ പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്.

കൃഷി വകുപ്പിലെ കൃഷിഭവൻ മുതൽ മുകളിലേയ്ക്കുള്ള എല്ലാ കൃഷി ഉദ്യോഗസ്ഥർക്കും ഈ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിൽ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർ**

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
എല്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി) മാർക്കും

**SOBHA S., M.Sc (Ag).**
*Joint Director of Agriculture (PP)*
*Directorate of Agriculture*
*Vikas Bhavan, Thiruvananthapuram-33*

ആർ.കെ/16/06/16